# ശബരിമല വാർത്താക്കുറിപ്പ്

# 11.12.2024

**മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം**

## പമ്പയിൽ നിന്നും ഏഴ് പുതിയ കെ എസ് ആർ ടി സി ദീർഘദൂര സർവീസുകൾ

ശബരിമലയിലെ തിരക്ക് വർധിച്ചുവരുന്ന സാഹചര്യത്തിൽ പമ്പയിൽ നിന്നും കെ എസ് ആർ ടി സി യുടെ ഏഴ് പുതിയ ദീർഘദൂര സർവീസുകൾ ആരംഭിച്ചു. കോയമ്പത്തൂരിലേക്ക് രണ്ടും തെങ്കാശി, തിരുനെൽവേലി എന്നിവിടങ്ങളിലേക്ക് ഓരോ സർവീസുകളും കുമളിയിലേക്ക് രണ്ടും തേനിയിലേക്ക് ഒരു സർവീസുമാണ് പുതിയതായി ആരംഭിച്ചത്. നിലവിൽ പമ്പ ബസ് സ്റ്റേഷനിൽ നിന്നുമാണ് ദീർഘദൂര സർവീസുകളുള്ളത്. ഓൺലൈൻ ടിക്കറ്റ് ബുക്കിങ്ങിനോടൊപ്പം പമ്പ ബസ് സ്റ്റേഷനിൽ നിന്നും സ്പോട്ട് ബുക്കിങ്ങ് സൗകര്യവും ഒരുക്കിയിട്ടുണ്ട്.

തീർഥാടകർക്ക് 40 പേർക്ക് മുൻ നിശ്ചയിച്ച നിരക്ക് പ്രകാരം യാത്രാ സൗകര്യം ഒരുക്കുന്ന കെ എസ് ആർ ടി സിയുടെ ചാർട്ടേഡ് ട്രിപ്പുകളും പമ്പ ബസ് സ്റ്റേഷനിൽ നിന്നും ഉപയോഗപ്പെടുത്താം.

പമ്പ ത്രിവേണിയിൽ നിന്നും പമ്പ ബസ് സ്റ്റേഷനിലേക്കും തിരിച്ചും കെ എസ് ആർ ടി സിയുടെ രണ്ട് ബസുകൾ സൗജന്യ സർവീസും നടത്തുന്നുണ്ട്. കെ എസ് ആർ ടി മണ്ഡല പൂജ തുടങ്ങിയത് മുതൽ ഡിസംബർ 10 വരെ പമ്പയിൽ നിന്നും 61,109 ചെയിൻ സർവീസുകളും 12,997 ദീർഘദൂര സർവീസുകളും നടത്തി.

## കാനനപാത വഴി വരുന്ന തീർഥാടകർ സമയക്രമം പാലിക്കണം

കാനനപാത വഴി ശബരിമലയ്ക്ക് വരുന്ന തീർഥാടകർ സമയക്രമം പാലിക്കണമെന്ന് വനം വകുപ്പ് അധികൃതർ അറിയിച്ചു. സത്രം പുല്ലുമേട് വഴി രാവിലെ 7 മുതൽ ഉച്ചയ്ക്ക് 1 മണി വരെയും മുക്കുഴി വഴി രാവിലെ 7 മുതൽ 3 വരെയും മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. തിരിച്ച് ശബരിമലയിൽ പുല്ലുമേട് വഴി രാവിലെ 8 മുതൽ 11 വരെയേ പ്രവേശനം അനുവദിക്കുകയുള്ളു എന്ന് വനം വകുപ്പ് അധികൃതർ അറിയിച്ചു.

കാനനപാത വഴി ശബരിമലയിലേക്ക് വരുന്ന തീർഥാടകർ നിശ്ചിതവഴികളിലൂടെ മാത്രം യാത്ര ചെയ്യാൻ പാടുള്ളു. നടത്തം ലാഭിക്കുന്നതിനായി വനത്തിലൂടെ കുറുക്കുവഴികൾ കയറാതിരിക്കുക. തീർഥാടകർ പ്ലാസ്റ്റിക് കൊണ്ടുവരാനോ വസ്ത്രങ്ങൾ വനങ്ങളിൽ വലിച്ചെറിയാനോ പാടില്ല. മലമൂത്ര വിസർജനത്തിനായി ബയോടോയ്ലറ്റുകൾ ഉപയോഗിക്കണം. ഭക്ഷണ അവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയരുത്. കുരങ്ങുകൾ ഉൾപ്പെടെ ഒരുവിധ വന്യജീവികളെയും സമീപിക്കുകയോ ഭക്ഷണം നൽകുകയോ ചെയ്യാതിരിക്കുക.

## അയ്യൻ ആപ്പ് പ്രയോജനപ്പെടുത്താം

കാനനപാത വഴി ദർശനത്തിനെത്തുന്ന ഭക്തർക്ക് വനംവകുപ്പിന്റെ അയ്യൻആപ്പ് പ്രയോജനപ്പെടുത്താം. പമ്പ, സന്നിധാനം, സ്വാമി അയ്യപ്പൻ റോഡ്, പമ്പ–നീലിമല –സന്നിധാനം എരുമേലി– അഴുതക്കടവ്– പമ്പ, സത്രം–ഉപ്പുപാറ –സന്നിധാനം എന്നീ പാതകളിൽ ലഭിക്കുന്ന സേവനങ്ങൾ ഈ ആപ്പിലൂടെ ലഭ്യമാണ്.

പരമ്പരാഗത കാനന പാതകളിലെ സേവനകേന്ദ്രങ്ങൾ, മെഡിക്കൽ എമർജൻസി യൂണിറ്റ്, താമസസൗകര്യം, എലിഫന്റ് സ്ക്വാഡ് ടീം, പൊതു ശൗചാലയങ്ങൾ, ഓരോ താവളത്തിൽ നിന്നും സന്നിധാനത്തേയ്ക്കുള്ള ദൂരം, ഫയർഫോഴ്സ്, പോലീസ് എയ്ഡ് പോസ്റ്റ്, ഇക്കോ ഷോപ്പ്, സൗജന്യ കുടിവെള്ള വിതരണ കേന്ദ്രങ്ങൾ, ഒരു സ്ഥലത്തുനിന്നും അടുത്ത കേന്ദ്രങ്ങളിലേക്കുള്ള ദൂരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നു ഇൻസ്റ്റാൾ ചെയ്യാവുന്ന 'അയ്യൻ' ആപ്പ് മലയാളം, തമിഴ്, കന്നഡ, തെലുഗ്, ഹിന്ദി എന്നീ അഞ്ചു ഭാഷകളിൽ ലഭ്യമാണ്. കാനന പാതയുടെ കവാടങ്ങളിൽ ഉള്ള ക്യൂ ആർ കോഡ് സ്കാൻ ചെയ്തും ആപ്പ് ഡൗൺലോഡ് ചെയ്യാം.

അയ്യപ്പന്മാർ പാലിക്കേണ്ട പൊതുനിർദേശങ്ങളും പെരിയാർ വന്യജീവി സങ്കേതത്തിന്റെ സമ്പന്നതയെ കുറിച്ചുള്ള വിവരങ്ങളും ശബരിമല ക്ഷേത്രത്തെക്കുറിച്ചുള്ള വിവരങ്ങളും ആപ്പിൽ ലഭ്യമാണ്. അത്യാവശ്യഘട്ടങ്ങളിൽ ബന്ധപ്പെടാനുള്ള അടിയന്തര സഹായ നമ്പറുകളും ലഭ്യമാണ്. ഓൺലൈനിലും ഓഫ് ലൈനിലും ആപ്പ് പ്രവർത്തിക്കും. തെരഞ്ഞെടുക്കുന്ന റൂട്ടുകളിലെ വിവിധ മുന്നറിയിപ്പുകൾ ആപ്പിലൂടെ ലഭിക്കും.  വനം വകുപ്പ് പെരിയാർ ടൈഗർ റിസർവ് വെസ്റ്റ് ഡിവിഷന്റെ നേതൃത്വത്തിലാണ് ആപ്പ് നിർമ്മിച്ചത്.